പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

***നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3371*** ***22.08.2017 ലെ മറുപടിക്ക്***

***വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം***

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം : | | ശ്രീ. പിണറായി വിജയൻ<br>**(മുഖ്യമന്ത്രി)** | |
| (എ) | വിദേശ രാജ്യങ്ങളിൽ ജോലി വാഗ്ദാനം ചെയ്ത് വ്യാജരേഖകൾ ചമച്ച് റിക്രൂട്ടിംഗ് നടത്തുന്ന ഏജന്റുമാരെ കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത്തരം ഏജൻസികൾ ക്കെതിരെ സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ ? | (ബി) | വ്യാജ റിക്രൂട്ടിംഗ് ഏജൻസികളെ കുറിച്ച് ലഭിക്കുന്ന വിവരങ്ങൾ പോലീസിനു കൈമാറുന്നു. പോലീസ് വകുപ്പ് ഇവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് അന്വേഷണം നടത്തി, ഉചിതമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു. ചൂഷണങ്ങൾക്ക് ഇരയാകുന്നവർ നൽകുന്ന പരാതികൾ സൂപ്രണ്ട് ഓഫ് പോലീസ്, എൻ. ആർ. ഐ . സെൽ, സംസ്ഥാന പോലീസ് മേധാവി എന്നിവർക്ക് കൈമാറുകയും അപേക്ഷകൾ അതത് പോലീസ് സ്റ്റേഷനുകൾ നേരിട്ട് ഇടപെട്ട് തീർപ്പാക്കുകയുമാണ് നിലവിൽ ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ.